ജി.എച്ച്. എസ് മീനടത്തൂർ

# ശലഭം

G.H.S MEENADATHUR

1821



# സ്നേഹമരം

മാലോകർ ചോദിപ്പു  അങ്ങോട്ടുമിങ്ങോട്ടും
ഇങ്ങനെയുണ്ടോ ഒരു നന്മമരം....
ഇനിയുണ്ടാകുമോ ഇവിടൊരു പുണ്യമരം
മരമങ്ങു വീണുപോയി തായ് വേരും അറ്റുപോയി
എന്നാൽ മരം തന്ന തണലില്ലേ ഓർത്തുവെക്കാൻ
ആ കരുതലിൻ തണലില്ലേ ചേർത്തുവെക്കാൻ
തലമുറ കൈമാറി കാത്തുവയ്ക്കാം
ആ നിറചിരി തണലെന്നും ചേർത്തുവയ്ക്കാം
ഇത് എൻ നാട്ടുമുറ്റത്തെ നന്മമരം
മരണമില്ലാത്ത ഒരു സ്നേഹമരം.

ജൂലി സെബാസ്റ്റ്യൻ
GHS, മീനടത്തൂർ

ആത്മ വിശ്വാസത്തിന്റെ വിജയം കുന്നുകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന ഒരു ചെറിയ പട്ടണത്തിൽ ജെയ്ക്ക് എന്ന ഒരു വിദ്യാർത്ഥി താമസിച്ചിരുന്നു.
ആ കുന്നുകൾ അവന് വളരെ ഭീകരമായി തോന്നിയിരുന്നു.

ജെയ്ക്ക് സന്തുഷ്ട്ടനും സ്വപ്നങ്ങൾ നിറഞ്ഞവനുമായിരുന്നു. എന്നിരുന്നാലും, അവനെ ധാരാളം സമ്മർദ്ദങ്ങൾ അലട്ടിയിരുന്നു.

ഒരു ദിവസം, എല്ലാം തികഞ്ഞെന്ന് തോന്നുന്ന ഒരു കൂട്ടം ആളുകളെ ജെയ്ക്ക് കണ്ടുമുട്ടി. അവർ എപ്പോഴും ജീവിതം വിനോദത്തോടെ കഴിച്ചു കൂട്ടിയിരുന്നവരായിരുന്നു.മയക്കുമരുന്നിൻ്റെ ലോകത്ത് അവർ ആഴത്തിൽ പിടി പ്പെട്ടിരുന്നുവെന്ന് ജെയ്ക്ക് അറിഞ്ഞിരുന്നില്ല

ജെയ്ക്ക്, അവരുടെ ചുറ്റുവട്ടത്തിലേക്ക് ആകർഷിക്കപ്പെട്ടു. ആദ്യം, അത് ഉപദ്രവകരമാണെന്ന് അവന് തോന്നിയില്ല. ആസ്വദിക്കാനും അവൻ്റെ പ്രശ്നങ്ങളിൽ നിന്ന് രക്ഷനേ നുമുള്ള ഒരു മാർഗമായി തോന്നി . എന്നാൽ കാലങ്ങൾ കഴിയെ, ജീവിതത്തിലെ പ്രേശ്നങ്ങൾ നേരിടാൻ ജെയ്ക്ക് മയക്കുമരുന്നുകളെ കൂടുതലായി ആശ്രയിയിച്ചു .ഇതോടെ അവൻ്റെ ബന്ധങ്ങൾ തകർന്നു, ഗ്രേഡുകൾ കുത്തനെ ഇടിഞ്ഞു, ആരോഗ്യം വഷളായി. ഇടയ്ക്കിടെയുള്ള ഒരു ആസ്വാദന ത്തിന് ആരംഭിച്ചത്, ജെയ്ക്കിൻ്റെ ജീവിതത്തെ തകർത്തു.

തൻ്റെ കുടുംബത്തിൻ്റെയും സുഹൃത്തുക്കളുടെയും സഹായത്തോടെ ജെയ്ക്ക് നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കാനുള്ള ശ്രമം ആരംഭിച്ചു . അത് അത്ര എളുപ്പമായിരുന്നില്ല, ആ വഴിയിൽ പല തിരിച്ചടികളും പ്രശ്നങ്ങളും ഉണ്ടായി . എന്നാലും ആത്മവിശ്വാസ ത്തോട്ടു കൂടി ജെയ്ക്ക് തൻ്റെ ജീവിതത്തിൻ്റെ നിയന്ത്രണം പതുക്കെ വീണ്ടെടുത്തു.

വേദനയിലൂടെയും പോരാട്ടങ്ങളിലൂടെയും, മയക്കുമരുന്നിൻ്റെ അപകടങ്ങളെക്കുറിച്ചും ജീവിത മൂല്യത്തെക്കുറിച്ചും ജെയ്ക്ക് വിലപ്പെട്ട പാഠങ്ങൾ പഠിച്ചു. അവൻ്റെ പഴയ കാലത്തിൻ്റെ പാടുകൾ അവശേഷിച്ചെങ്കിലും, അവ അവൻ്റെ ഉള്ളിൽ ശക്തി നൽകി.

ഒരിക്കൽ ഭയങ്കരമായി തോന്നിയ കുന്നുകളിലേക്ക് ഇപ്പോൾ അവൻ നോക്കിയപ്പോൾ പ്രതീക്ഷകൾ അനുഭവപ്പെട്ടു. അവൻ സ്വപ്നം കണ്ട ജീവിതത്തിലേക്ക് പതിയെ നടന്നു.

Sidhra P
9 E



There is no great gift,
Other than happiness.
There is no great man,
Who does not like happiness.
There is no great book,
Without teachings of happiness.
Where there is love,
There is happiness.
There is no great life,
Without happiness.
Love and affection shower,
Roses of happiness.
And one succeeds in life only,
If he fills this life with happiness.

Risha Ambra



## സ്നേഹം അളക്കാനായിരുന്നെങ്കിൽ...

കഥ തുടങ്ങുന്നത് ഒരു വിദ്യാർത്ഥിയിൽ നിന്നാണ്. അവളുടെ പേര് ദിവ്യ. ദിവ്യക്ക് അമ്മ മാത്രം ആയിരുന്നു ഉണ്ടായിരുന്നത്. ദിവ്യ നന്നായി പഠിക്കുന്നവളായിരുന്നു. അവളുടെ കൂടുതൽ ശ്രദ്ധ പഠിത്തത്തിലായിരുന്നു. അവൾക്ക് എല്ലാവരോടും നല്ല അടുപ്പമായിരുന്നു. അവളുടെ പെരുമാറ്റവും നല്ലതായിരുന്നു.അവൾക്കൊരാളോട് മാത്രമായിരുന്നു വെറുപ്പുണ്ടായിരുന്നത്.അത് അവളുടെ അമ്മയോടായിരുന്നു. ചെറുപ്പത്തിൽ അവളുടെ അച്ഛനെ കൊന്നത് അവളുടെ അമ്മയായിരുന്നു എന്നാണ് അവളുടെ വിചാരം. പക്ഷെ അതൊന്നും സത്യമായിരുന്നില്ല. അത് അവളോട് പറയാൻ അവളുടെ അമ്മ ഒരുപാട് ശ്രമിച്ചിരുന്നു. പക്ഷെ അപ്പോഴൊന്നും ദിവ്യ അമ്മയോട് സംസാരിക്കാൻ പോലും തയ്യാറായിരുന്നില്ല. അമ്മക്ക് അവളോട് ഒരുപാട് സ്നേഹമായിരുന്നു. ദിവ്യ അതൊന്നും മനസ്സിലാക്കാൻ ശ്രമിച്ചത് പോലുമില്ല.

ഒരു ദിവസം ദിവ്യസ്കൂളിലേക്ക് പോവുകയായിരുന്നു. വഴിയിൽ വെച്ച് അവൾ തന്റെ ക്ലാസിലെ കുറച്ചു കുട്ടികളെ കണ്ടു. അവർ ദിവ്യയെ കണ്ടിട്ട് ചോദിച്ചു( വിറച്ചുകൊണ്ട് ) നീയെന്താ ഇവിടെ? ദിവ്യ പറഞ്ഞു: ഞാൻ സ്കൂളിലേക്ക് പോവുകയാണ്, പിന്നെ നിങ്ങൾ എന്താ ഇവിടെ ചെയ്യുന്നത്? അവർ പറഞ്ഞു: ഞങ്ങളും സ്കൂളിലേക്ക് പോവുകയാണ്. ശരിയെന്ന് പറഞ്ഞ് ദിവ്യ പോയി

ദിവ്യ ക്ലാസിൽ ഇരിക്കുമ്പോൾ വരുമ്പോൾ കണ്ട അവർ ദിവ്യയുടെ അടുത്ത് വന്ന് നമുക്ക് കൂട്ടുകാർ ആയാലോ എന്ന് ചോദിച്ചു. ദിവ്യ എല്ലാവരോടും കൂട്ടുകാരി ആവുന്നതു കൊണ്ട് തന്നെ ഒന്നും ആലോചിക്കാതെ അവൾ പറഞ്ഞു: പിന്നെന്താ നമുക്ക് കൂട്ടുകാർ ആവാം. അവരെല്ലാവരും നന്നായി കമ്പനി ആവുന്നുണ്ട്.

ഒരു ദിവസം ദിവ്യയെയും കൂട്ടി അവർ ഒരു സ്ഥലത്തേക്ക് പോയി. ഒരു ബീച്ച് പോലെയുള്ള ഒരു സ്ഥലം. ദിവ്യ പറഞ്ഞു നല്ല ഭംഗിയുള്ള സ്ഥലം. അവർ പറഞ്ഞു: വാ നിനക്ക് ഒരു കാര്യം കാണിച്ചു തരാം അവർ നേരെ ദിവ്യയെ കൂട്ടിക്കൊണ്ടുപോയത് സ്കൂൾ കുട്ടികൾ മാത്രം ഉണ്ടാകുന്ന ഒരു ബാറിലേക്ക് ആയിരുന്നു. ഇവിടേക്ക് എന്തിനാണ് വന്നത് എന്ന് ദിവ്യ ചോദിച്ചു. അവർ പറഞ്ഞു: ഇവിടെ നല്ല ഹാൻസ് വാങ്ങാൻ വന്നതാ. നിനക്ക് അതൊന്നും വലിച്ച ശീലമില്ല? ദിവ്യ എന്തെങ്കിലും പറയുന്നതിനു മുമ്പ് അവിടേക്ക് മണം പിടിച്ചു പോലീസ് എത്തി. അപ്പോൾ തന്നെ എല്ലാവരെയും അറസ്റ്റ് ചെയ്യുകയും ചെയ്തു. കൂട്ടത്തിൽ ദിവ്യയെയും. ദിവ്യയും മറ്റുള്ളവരും പോലീസ് സ്റ്റേഷനിലാണ് എല്ലാവരുടെയും പേരൻസും അവിടെയെത്തി. ഓരോരോ ഈ പിഴയടിപ്പിക്കുകയും ജാമ്യത്തിൽ വിടുകയും ചെയ്തു. ദിവ്യയുടെ അമ്മ ദിവ്യയെ ജാമ്യത്തിൽ അയയ്ക്കുകയും ചെയ്തു. പോകുമ്പോൾ ദിവ്യ അവളുടെ അമ്മയോട് ഉണ്ടായ കാര്യങ്ങൾ എല്ലാം പറഞ്ഞു. അവളുടെ അമ്മ ഒന്നും പ്രതികരിച്ചില്ല.

പിറ്റേദിവസം ദിവ്യ ക്ലാസിലേക്ക് പോയപ്പോൾ അവളോട് എപ്പോഴും സംസാരിച്ചിരുന്നവരും കൂടെയുണ്ടായിരുന്ന വരും ആരും പോലും ദിവ്യയോട് സംസാരിച്ചില്ല. ദിവ്യഅവിടെ ഉണ്ടെന്നുള്ള ഒരു പരിഗണന പോലും കൊടുത്തില്ല.അവൾ അവളുടെ ബെഞ്ചിൽ ഇരിക്കാൻ നോക്കുമ്പോൾ അവളുടെ അടുത്തിരിക്കാൻ പോലും മറ്റു കുട്ടികൾ തയ്യാറായില്ല. അപ്പോൾ അവിടേക്ക് അവളുടെ മാമൻ വന്നു. മാമൻ അവളെ കൊണ്ടുപോവാൻ ആയിരുന്നു വന്നത്. മാമൻ ദിവ്യയോട് പറഞ്ഞു നിന്റെ അമ്മ ഹാർട്ട് അറ്റാക്കായി ഹോസ്പിറ്റലിൽ കിടക്കുകയാണ്. നിന്നെ കൂട്ടിക്കൊണ്ടു പോകാൻ വന്നതാണ് ഞാൻ. ദിവ്യ മാമന്റെ കൂടെ പോവാൻ തയ്യാറായി. അവർ കാറിലാണ് പോകുന്നത്. പോകുമ്പോ ദിവ്യ മാമനോട് പറഞ്ഞു : അവരുടെ ഭാഗ്യം കൊണ്ടാണ് അവർക്ക് അറ്റാക്ക് വന്നത്. ഇതിനേക്കാൾ വലിയതെന്തോ വരാനുള്ളതായിരുന്നു. മാമൻ പെട്ടെന്ന് കാർ നിർത്തി. അവളുടെ മുഖത്തേക്ക് ഒരു അടി കൊടുത്തുകൊണ്ട് എല്ലാ സത്യങ്ങളും മാമൻ അവളോട് പറഞ്ഞു. ദിവ്യ അത് കേട്ടതും അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി. അവൾ മാമനോട് അമ്മയുടെ അടുത്തേക്ക് വേഗം പോകാൻ പറഞ്ഞു. മാമൻ വേഗത്തിൽ വണ്ടി ഓടിച്ചു. പക്ഷേ അവർ അവിടെ എത്തിയപ്പോഴേക്കും അവളുടെ അമ്മ മരിച്ചിരുന്നു. ഈ വിവരം അറിഞ്ഞ ദിവ്യയ്ക്ക് അത് സഹിക്കാൻ കഴിഞ്ഞില്ല. അവൾ പൊട്ടി കരഞ്ഞു. അപ്പോൾ അവൾ ആലോചിച്ചു

" സ്നേഹം അളക്കാൻ ആയിരുന്നെങ്കിൽ..... എത്ര എളുപ്പം ആയിരുന്നു? "

ഫാത്തിമ മിൻഹ. ടി

8. C

# പ്രകൃതി സംരക്ഷണം

പ്രകൃതി അമ്മയാണ്.അങ്ങനെ ഉള്ള നമ്മുടെ അമ്മയെ നശിപ്പിക്കരുത്.പരിസ്ഥിതിക്ക് ദോഷകരമായ രീതിയിൽ മനുഷ്യൻ പ്രവർത്തിക്കുന്നത് ലോക നാശത്തിന് തന്നെ കാരണമാകും.പ്രകൃതിദത്ത പ്രക്രിയയിൽ നിന്ന് ഒരു പ്രധാന സംഭവം ആണ് പ്രകൃതി ദുരന്തം.ഇത് ഒരു സ്വാഭാവിക പ്രക്രിയ ആണ്. ഭൂമിയെ സുരക്ഷിതവും ഭദ്രവും ആയ ഒരു ഹരിത കേന്ദ്രമായി അടുത്ത തലമുറയ്ക്ക് കൈ മാറുകയും ചെയ്യേണ്ടത് ആവശ്യമാണ്.നഗരങ്ങൾ എല്ലാം മലിനീകരണത്തിന്റെ മാരക ഫലങ്ങൾ അനുഭവിച്ച് തുടങ്ങിയിരിക്കുന്നു. കൂടുതൽ ആളുകൾ നഗരങ്ങളിലും മറ്റ് വലിയ പട്ടണങ്ങളിലും താമസിക്കുന്നത് കുടിവെള്ളത്തിനും ശുചീകരണത്തിന് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അതോടൊപ്പം ആരോഗ്യ പ്രശ്നങ്ങൾ ഏറി വരികയും ചെയ്യുന്നു.മനുഷ്യവംശത്തെ തന്നെ കൊന്നൊടുക്കാൻ ശേഷി ഉള്ള മാരക രോഗങ്ങൾ പടർന്നുപിടിക്കുന്നു. സാമൂഹികവും സാംസ്കാരികവും സാമ്പത്തികവും ആയ പുരോഗതിക്ക് വികസനം അനിവാര്യമാണ്. ഈ വികസന പ്രക്രിയ പലപ്പോഴും പരിസ്ഥിതിയെ ദോഷകരമായി ബാധിക്കും.അതുകൊണ്ട് തന്നെ പരിസ്ഥിതി സംരക്ഷണത്തെ കഴിയുന്നത്ര ദോഷകരമായി ബാധിക്കാത്ത വിധത്തിൽ ആയിരിക്കണം വികസനം നടപ്പിലാക്കേണ്ടത്. മനുഷ്യൻ സ്വീകരിച്ച വരുന്ന അനഭിലാഷിനീയവും അശാസ്ത്രീയവും.

Jinsha
9A





"വലിയൊരു ലോകം
മുഴുവൻ നന്നാവാൻ
ചെറിയൊരു സൂത്രം
ചെവിയിലോതം ഞാൻ
സ്വയം നന്നാവുക"

Hafna shifa




ഒരു യാത്ര

ഒരു യാത്ര പോകണം എന്ന് എത്ര നാളായി ആഗ്രഹിക്കുന്നു. സ്ഥലങ്ങൾ കാണുന്നതിനും പ്രകൃതി ഭംഗി ആസ്വദിക്കുന്നതിനും അവൾക്ക് ഏറെ ഇഷ്ടമായിരുന്നു. എന്നാൽ സ്വന്തം ശരീരം തന്നെ യാത്രകളോടുള്ള വെറുപ്പ് ശർദ്ദിലായി പുറത്ത് വന്നതോടുകൂടി അവൾ യാത്രകൾ ഉപേക്ഷിച്ചു. എന്നാൽ ഇന്ന് രണ്ടു മണിക്കൂർ നീളുന്ന ബസ് യാത്ര ജീവിതചര്യയായി മാറിയപ്പോൾ അവൾ മാറി... മാറ്റം ജീവിതത്തിൽ എപ്പോഴും അനിവാര്യം ആണല്ലോ? ശരിയാണ് അവളും മാറി ജോലി വേണമെന്ന് ആഗ്രഹിച്ചു പഠിച്ചു. സർക്കാർ ജോലി ലഭിച്ചു കഴിഞ്ഞപ്പോൾ ആണ് രണ്ടു മണിക്കൂർ ദൂരം സഞ്ചരിച്ച് ഓടനാ ട്ടുള്ള വില്ലേജ് ഓഫീസിൽ എത്തുന്നത് പഠിച്ച പാഠങ്ങളെക്കാളും ദുഷ്കരമായി അവൾക്ക് തോന്നിയത്. ആദ്യമൊക്കെ പ്രയാസമായിരുന്നു. പിന്നീട് അവൾ യാത്രകൾ ആസ്വദിക്കുവാൻ തുടങ്ങി. ഓർഡിനറി ബാങ്കുകളിൽ നിന്ന് ഷിഫ്റ്റ് കിട്ടിയ ബസുകളിലേക്ക് ജനാലയ്ക്കരുകിൽ സീറ്റ് കിട്ടിയാൽ പിന്നെ ഹെഡ്സെറ്റ് കണക്ട് ചെയ്തു, പാട്ടും പാടി പുറത്തേ കാഴ്ചകൾ ആസ്വദിച്ച് ഇരിക്കും...

ഓടനാട്, ഓടനാട് കണ്ടക്ടറുടെ നീട്ടിയുള്ള വിളി പറച്ചിൽ അവളെ ചിന്തയിൽ നിന്ന് ഉണർത്തി. വേഗം ബസ്സിൽ നിന്നിറങ്ങി നടന്നു തുടങ്ങി.

ജീവിതപാതയിലൂടെ......

ആൻ മരിയ ലൈജു



# ഭക്ഷണം

ജീവന്റെ തുടിപ്പിന് അടിസ്ഥാന ഘടകമാണ് ഭക്ഷണം. സ്രഷ്ടാവിന്റെ മഹാ അനുഗ്രഹങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണത്. സസ്യങ്ങൾക്ക് മണ്ണിലൂടെയും വെള്ളത്തിലൂടെയും ആവശ്യമായ ധാതുലവണങ്ങൾ ലഭിക്കുന്നപോലെ ജീവികൾ ഭക്ഷണത്തിലൂടെയാണ് ശരീരഘടനയിലെ മാംസമജ്ജകൾക്കും സിരധമനി-കൾക്കും കോശങ്ങൾക്കും ആവശ്യമായ ഊർജം സംഭരിക്കുന്നത്. അതുകൊണ്ടുതന്നെ ആരോഗ്യകരമായ ഭക്ഷണം ഓരോ വ്യക്തിക്കും അനി-വാര്യമാണ്.





കോഫി പുഡിങ്

തയ്യാറാക്കുന്ന വിധം

3സ്പൂൺ കോൺഫ്ലവറിലേക്ക് 1/4 കപ്പ് പാൽ ഒഴിക്കുക എന്നിട്ട് നന്നായി ഇളക്കുക ശേഷം അത് മാറ്റിവയ്ക്കുക ഒരു പത്രത്തിൽ 1 കപ്പ് പാൽ എടുത്ത് തിളപ്പിക്കുക. തിളച്ച ശേഷം സ്റ്റൗ കുറച്ച് വച്ച് അതിലേക്ക് 6സ്പൂൺ പഞ്ചസാര, 2 സ്പൂൺ കോഫി പൗഡർ ചേർത്തതിന് ശേഷം നന്നായി ഇളക്കുക.എന്നിട്ട് അതിലേക്ക് നേരത്തെ മാറ്റിവെച്ച കോൺഫ്ലവർ മിക്സ് ചേർക്കുക ചേർത്ത് കുറച്ചുകഴിഞ്ഞാൽ അത് കുറുകി വരും അപ്പോൾ സ്റ്റൗ ഓഫ് ചെയ്ത് എണ്ണ പുരട്ടിയ പാത്രത്തിലേക്ക് ഒഴിക്കുക സെറ്റ് ആയ ശേഷം അത് കഴിക്കാവുന്നതാണ്

shahala

ഇരുമ്പൻപുളി സംഭാരം

ചേരുവകൾ

1. പഴുത്ത ഇരുമ്പൻപുളി 100 ഗ്രാം
2. പച്ചമുളക് പകുതി
3. ഇഞ്ചി ചെറിയ കഷണം
4.കറിവേപ്പില ഒരു തണ്ട്
5.ഉപ്പുപാകത്തിന്
6. വെള്ളം ഒരു ഗ്ലാസ്

ഉണ്ടാക്കുന്ന വിധം

ഇരുമ്പൻ പുളി വെള്ളം ചേർത്ത് മിക്സിയിൽ അടിച്ച് അതിലേക്ക് പച്ചമുളക് ഇഞ്ചി എന്നിവ ചതച്ച് ഇടുക. അതിനുശേഷം കറിവേപ്പില നന്നായി അരച്ച് ചേർക്കുക. ഉപ്പു കൂടെ ആവശ്യത്തിന് ചേർത്ത് കൊടുത്താൽ ഇരുമ്പം പുളി സംഭാരം റെഡി.

തൻഹ. പി



വിട പറയാൻ സമയമായില്ല എന്നുതന്നെ ആകട്ടെ
ആര് ആരോടാണ് വിട പറയുന്നത്?
സുഹൃത്ത് സുഹൃത്തിനോട് വിട പറയുമോ?
പറയാൻ സാധിക്കുമോ? എന്നെങ്കിലും?
പിന്നെ ആരാണ് വിട പറയുന്നത്? പറയേണ്ടത്?
നമ്മെ ദ്രോഹിച്ചവരോട്, ചതിച്ചവരോട്,
നമ്മോട് നന്ദികേട്ട കാണിച്ചവരോട്
അവർക്ക് മാപ്പ് കൊടുക്കാൻ പറ്റുമോ?
ഒരു ജീവിതത്തിൽ ഒരിക്കൽ അല്ലേ തെറ്റുപറ്റാൻ പാടുള്ളൂ?
തെറ്റിനോടാണ് വിട പറയാവുന്നത്.
വിട പറയുമ്പോൾ മുഖം ശാന്തമായിരിക്കണം.
ശരീരം ഉടയരുത്
മുഖം ചുളിയരുത്
സ്വരം പതറരുത്
കറുത്ത മുടി നരയ്ക്കരുത്
നരച്ച മുടി കൊഴിയരുത്
വിട പറയുമ്പോൾ നിറഞ്ഞ യൗവനം ആയിരിക്കണം
എന്താണ് പറയേണ്ട വാക്കുകൾ?
ഇനിയും കാണാം എന്നോ?
ഇനിമേൽ ഇങ്ങോട്ട് വരണ്ടെന്നോ?
എന്തിനാണ് വിട പറയുന്നത് എന്നോ?
അതിനെ പറ്റിയൊക്കെ ചർച്ച ചെയ്ത്
വിട പറയാൻ മറന്നുപോയവരെ മറന്നുപോയോ?
എന്തിനാണ് വെറുതെ വിട പറയുന്നത് ?
ഇനിയും കാണാം എന്നോ?
ഇനിമേൽ ഇങ്ങോട്ട് വരണ്ടെന്നോ?
എന്തിനാണ് വിട പറയുന്നത് എന്നോ?
അതിനെ പറ്റിയൊക്കെ ചർച്ച ചെയ്ത്
വിട പറയാൻ മറന്നുപോയവരെ മറന്നുപോയോ?
എന്തിനാണ് വെറുതെ വിട പറയുന്നത്?
ആരും ആരെയും വിട്ടു പോകുന്നില്ല.
ആരെ ആർക്കു എന്തു പരിചയം?
വിട്ടു പോകുന്നില്ലെങ്കിൽ പിന്നെന്തിനു വിട?
പക്ഷേ, ഇതൊരു ചടങ്ങാണ്, സുഹൃത്തേ.
വിട പറയുന്നതിൽ ഒരു രസമുണ്ട്
അതൊരു അനുഷ്ഠാനമാണ്
മനസ്സിന് അത് ശാന്തി നൽകുന്നു
മുൻകൂർ വിട പറഞ്ഞു വെച്ചാൽ
സമയത്തു മറന്നുപോയി എന്നു
പരാതിപ്പെടേണ്ടി വരില്ല
ഇതാ നമുക്ക് പരസ്പരം വിട പറയാം
അല്ലെങ്കിൽ ഈ ഭൂമിയോട്, ഇന്നത്തെ സൂര്യനോട്

ഇത്രയും പറഞ്ഞിട്ട് ഇനി വിട പറയാതിരുന്നാൽ മോശം.

അതുല്യ പി

തിരിച്ചറിവ്

നൂറ് കറുത്ത ഉറുമ്പുകളേയും നൂറ് ചുവന്ന ഉറുമ്പുകളേയും ഒരുമിച്ച് ഒരു ഭരണിയിൽ നിറച്ചാൽ ഒന്നും തന്നെ സംഭവിക്കില്ല...
അവ എങ്ങനെ രക്ഷപ്പെടും എന്ന് വഴി തിരയുകയേ ഉള്ളൂ...
എന്നാൽ നിങ്ങൾ ആ ഭരണി ശക്തമായി ഒന്ന് കുലുക്കിയാൽ, ഉറുമ്പുകൾ പരസ്പരം കൊല്ലാൻ തുടങ്ങും..
ചുവന്ന ഉറുമ്പുകൾ കറുത്ത ഉറുമ്പുകളെ ശത്രുക്കളായി കണക്കാക്കുന്നു...
കറുത്ത ഉറുമ്പുകൾ ചുവന്ന ഉറുമ്പുകളെയും ശത്രുക്കളായി കണക്കാക്കുന്നു...
എന്നാൽ ആ ഭരണി കുലുക്കുന്നവനാണ് യഥാർത്ഥ ശത്രു എന്നത് അവർക്ക് മനസ്സിലാകുന്നില്ലല്ലോ...
മനുഷ്യ സമൂഹത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നത്... അതുകൊണ്ട് മനസിലാക്കുക... ഏതൊരു പ്രതിസന്ധിയിലും ഒരുമിച്ച് നിന്ന് തരണം ചെയ്യുക എന്നതാണ് ജീവന്റെ സഹജാവബോധം , പരസ്പരം ആക്രമിക്കുന്നതിനുമുമ്പ്, ആരാണ് ഭരണി കുലുക്കുന്നത് എന്ന് ചിന്തിക്കണം തിരിച്ചറിയണം....

@ഷഫീഖ് പി കെ



# പ്രത്യാശ

വരുമെന്നോ കാണുമെന്നോ തരുമെന്നോ
വാക്ക് കൊടുത്തില്ലെങ്കിലും
മീൻവണ്ടിയെ കാത്തിരിക്കുന്ന
പൂച്ചയെപോലെയാണ്
ചില സ്നേഹങ്ങൾ
എന്തവകാശമെന്ന് ചോദിച്ചാൽ
വന്ന് പോകും വരെ
ഇമവെട്ടാതെ നോക്കിയിരിക്കാൻ
മാത്രമെന്ന പോലെ
എന്ത് കിട്ടുമെന്ന് ചോദിച്ചാൽ
മീനിന് കൊതിച്ച് ഒടുവിൽ
മീൻചല്ലെങ്കിലുമെന്ന പോലെ
എന്തിനിങ്ങനെയെന്ന് ചോദിച്ചാൽ
ജീവിച്ചിരിക്കാൻ എന്തെങ്കിലും
വേണ്ടേയെന്നൊരു
മറുചോദ്യമെന്നപോലെ..

# ഫലസ്തീൻ

ഓ ഫലസ്തീൻ ...
ഹൃദയത്തിൽ ആഴ്ന്നിറങ്ങിയ
ആ വേരുകളുണ്ടല്ലോ ......
അതാണ്.
വേട്ടക്കാരന്റെ മുന്നിൽ
വീഴാതെ, ആടാതെ
അവസാന ശ്വാസം നിലക്കും വരെ
ഉറക്കെ പറയാൻ നിങ്ങൾക്ക് കഴിയുന്നത്....
ഉറക്കെ പറയുക
ഈ പുഴയും മണ്ണും
കിനാവും കടലും
ഞങ്ങളുടേതാണ്......
ഓ ഫലസ്തീൻ ...
നീതി പുലരുന്ന നാൾ അകലയല്ല
മേഘക്കീറുകൾക്കപ്പുറം
ഒരു വെളിച്ചമുണ്ട്

ഷഫീഖ് പി കെ

പെയ്തൊഴിയാതെ

കാറുമൂടിയ ആകാശച്ചോട്ടിൽ ഇന്ന് ഇലപൊഴിച്ചൊരു വൃക്ഷം  വിതുമ്പിനിൽക്കുന്നതു കണ്ടു.
പെയ്തൊഴിയും മുമ്പെ എല്ലാ മഴക്കാലവും ഭ്രമിപ്പിക്കാറുണ്ട്.

നേരിയൊരിഴ കൊണ്ടുപോലും ഉറക്കം നിങ്ങളെ തൊടാതെ പോയ രാത്രികൾ ?

തൊലിപറിച്ചെടുക്കുന്ന നീറ്റലോടെ, പൊടുന്നനെ നിറഞ്ഞുതുളുമ്പാൻ തുടങ്ങുന്ന കണ്ണുകളോടെ നിങ്ങൾ ആർക്കെങ്കിലും വേണ്ടി കാത്തുനിന്നിട്ടുണ്ടോ.?

നിങ്ങളേക്കാൾ നിങ്ങൾ ആരെയെങ്കിലും ചേർത്തുനിർത്തുവാൻ തുളുമ്പിയിരുന്നോ ?

മറ്റെല്ലാവരും ഉറങ്ങിയെന്നുറപ്പുവരുത്തിയ
നട്ടപ്പാതിരകളിൽ നിങ്ങളുടെ രഹസ്യങ്ങളത്രയും കുറേ കടലാസുകൾക്കു
പങ്കുവെച്ചിരുന്നോ?

നിങ്ങൾക്കാരുമില്ലെന്നും,
നിങ്ങളുടെ മുറിവുണക്കാൻ ഒരുനാളും മരുന്നേന്തി അയാൾ വരില്ലെന്നും,
ഒറ്റയാവുകയെന്നാൽ ജീവിതത്തിൻറെ പ്രലോഭനങ്ങളേൽക്കാതെയുള്ള
തിരിഞ്ഞുനടത്തങ്ങളാണെന്നും നിങ്ങൾ വിശ്വസിച്ചിരുന്നോ ?

നിങ്ങളോളം നിങ്ങളെയാരുമറിയില്ലെന്നും,
നിങ്ങളുടെ ഹൃദയം ഭൂമിയിലെ മറ്റേതൊരു ഹൃദയത്തെക്കാളും പാവനമായതാണെന്നും
നിങ്ങൾ വീമ്പുവിചാരിച്ചിരുന്നുവോ ?

എല്ലാ മഴക്കാലങ്ങളിലും
എല്ലാ കടൽക്കാഴ്ച്ചകളിലും
എല്ലാ നീളൻ യാത്രകളിലും
എല്ലാ പ്രിയതരഗാനങ്ങളിലും
നിങ്ങൾ
അവർക്കായി,
അവർക്കായി മാത്രം
ഒരോർമ്മത്തുരുത്ത് ഒളിച്ചുവച്ചിരുന്നുവോ ?

കാറുപെയ്യാൻ തുടങ്ങുമ്പോൾ
മഴവെള്ളപ്പാച്ചലിൽ ഒലിച്ചുപോകാതെ നിവൃത്തിയില്ലാത്തൊരു പകർപ്പ്
നമ്മളിലെല്ലാവരിലും ഉണ്ടായിരിക്കണം...




നദിയോട് ചോദിക്കൂ
കുലം കുത്തി ഒഴുകുമ്പോൾ
ഇത്രയും ഊക്ക്
എവിടെ നിന്ന്
കിട്ടുന്നു എന്ന്

തുള്ളിയായിരുന്നപ്പോൾ
കിട്ടിയ
അവഗണനയുടെ
ഓർമ്മയിൽ നിന്ന്
എന്നത് പറഞ്ഞു തരും

Rushdha




തീരില്ലാ ഒറ്റവാക്കിൽ....
എങ്കിലും.....
ഒരായിരം നന്ദി !!